ഇരിട്ടി ഉപജില്ല

# മാടത്തിയിൽ എൽ പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മാടത്തിയിൽ എൽ പി സ്കൂൾ |
| ഹെഡ്മിസ്ട്രസ്സ് | : | രേഷ്ന പി കെ |
| വിലാസം | : | മാടത്തിൽ, ഇരിട്ടി പി.ഒ |
| സ്കൂൾ കോഡ് | : | 14841 |
| ഫോൺ | : | 9946542468 |
| വിദ്യാഭ്യാസ ഉപജില്ല | : | ഇരിട്ടി |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| വിദ്യാഭ്യാസ റവന്യൂ ജില്ല | : | കണ്ണൂർ |
| ബിആർസി | : | ഇരിട്ടി |
| സി ആർ സി | : | ഗവ. എൽ പി സ്കൂൾ പേരട്ട |
| ഗ്രാമപഞ്ചായത്ത് | : | പായം |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമസഭാ മണ്ഡലം | : | പേരാവൂർ |
| ലോകസഭാ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | ഇരിട്ടി |
| വില്ലേജ് | : | പായം |

# ആമുഖം

പായം ഗ്രാമപഞ്ചായത്തിലെ മികച്ച ലോവർ പ്രൈമറി വിദ്യാലയങ്ങളിലൊന്നാണ് മാടത്തിയിൽ എൽ.പി സ്കൂൾ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ലക്ഷ്യമിട്ട് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്താൻ തക്കവിധം പ്രവർത്തനങ്ങളെ കോർത്തിണക്കി നാം മുന്നോട്ടു പോകുന്നു അക്കാദമിക മികവ് ഉറപ്പു വരുത്താനുള്ള ശ്രമങ്ങളുടെ തുടർച്ചയായിട്ടാണ് ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത് അധ്യാപക രക്ഷാകർത്തൃ സമിതിയുടെയും മാനേജ്മെൻ്റിൻ്റെയും നാട്ടുകാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ ഏജൻസികളുടെയും പിന്തുണയോടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന വിശ്വാസത്തോടെ മാടത്തിയിൽ എൽ.പി സ്കൂൾ 2025-26 വർഷത്തെ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

•വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.

•വിദ്യാലയത്തെ ശിശു സൗഹൃദമാകുക

•നവീന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കുട്ടികൾക്ക് മികച്ച പഠനാനുഭവം ഉറപ്പു വരുത്തുക

•അന്വേഷണാത്മക പഠനം സാധ്യമാക്കനുള്ള പ്രവർത്തന ങ്ങൾ നടപ്പിലാക്കുക

•വിദ്യാലയം ലഹരി വിമുക്ത വിദ്യാലയമാക്കുക

•വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോഗത്തിൽ വരുത്തുക.

•നിർദ്ദിഷ്ഠ പഠന നേട്ടം നിശ്ചിത കാലയളവിൽ എല്ലാ കുട്ടികളും കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

•കുട്ടികളെ ശുചിത്വബോധമുള്ളവരാക്കി വളർത്തിയെടുക്കുക.

•അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനങ്ങൾ നൽകുക

•പഠനം പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവുമാക്കുക

# മലയാളം

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | പിരീഡ് |
|---|---|---|---|---|
| 01 | മലയാള മധുരം | സചിത്ര പാഠ പുസ്തകം | വായിക്കാനും എഴുതാനും എല്ലാ പിന്നോക്ക കാരിലും താല്പര്യം വളർത്തുന്നു | 6 മാസം |
| 02 | എൻ്റെ നാട് | പൊതു കാര്യങ്ങൾ ശ്രദ്ധിക്കൽ | നടക്കുന്ന കാര്യങ്ങൾ നിരീക്ഷിച്ച് അധ്യാപകരുമായി പങ്കുവയ്ക്കുന്നു. നല്ലതും ചീത്തയും തിരിച്ചറിയുന്നു | |
| 03 | വായിക്കാം വളരാം | വായിച്ച് വളരാം വായനാ മൂല | അധിക വായന പരിപോഷിപ്പിക്കാൻ താല്പര്യം വളർത്തുന്നു | |
| 04 | നാടിനൊപ്പം | പ്രതിവാര ആനുകാലിക പത്രവാർത്ത പ്രശ്നോത്തരി | പത്രവായനാ പരിപോഷണം | |
| 05 | വീട് ഒരു ലൈബ്രറി | ലൈബ്രറി പുസ്തകം നൽകൽ പുസ്തക ചർച്ച | രക്ഷിതാക്കളിലൂടെ കുട്ടികളിൽ വായന താൽപര്യം വളർത്തൽ | 6 മാസം |
| 06 | അക്ഷര ത്തിരുത്ത് | സംസാരിക്കേണ്ട കാര്യങ്ങൾ എഴുത്തിലൂടെ പരസ്പരം കൈമാറുന്നു | കുട്ടികളെ അക്ഷരതെറ്റില്ലാതെ എഴുതാൻ പ്രാപ്തരാക്കൽ | |

# ഇംഗ്ലീഷ്

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|---|---|
| 01 | A Word A Day | ഓരോ ദിവസവും പുതിയ വാക്കുകൾ വിശദാംശങ്ങളോടെ ബുള്ളറ്റ് ബോർഡിൽ പ്രദർശിപ്പിക്കൽ. | പദ സമ്പത്ത് വർദ്ധിപ്പിക്കൽ | |
| 02 | A Sentence A Day | ഓരോ ദിവസവും പുതിയ വരികൾ നൽകുന്നു. അത് കുട്ടികൾ വായിച്ച് പഠിക്കുന്നു. | ഭാഷയിലുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | |
| 03 | Reading Corner | ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു. | വായനാ ശീലം വർദ്ധിപ്പിക്കൽ | |

## പരിസര പഠനം

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|---|---|
| 01 | നമ്മുടെ പരീക്ഷണശാല കുട്ടി ശാസ്ത്രജ്ഞർ | സയൻസ് കോർണർ സ്ഥാപിക്കൽ. സ്വന്തമായി പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ശാസ്ത്ര താൽപര്യം വളർത്തിയെടുക്കൽ | |
| 02 | എന്റെ സയൻസ് കിറ്റ് | ഓരോ കുട്ടിയും ശാസ്ത്ര പരീക്ഷണത്തിനാവശ്യമായ ഉപകരണങ്ങൾ ശേഖരിക്കൽ | ഉപകരണങ്ങൾ നിർമ്മിക്കലും പ്രയോജനപ്പെടുത്തലും | |
| 03 | നമ്മുടെ പരിസരം നാം തന്നെ സംരക്ഷകർ | വിദ്യാലയവും പരിസരവും പ്ലാസ്റ്റിക് വിമുക്തമാകുന്ന വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ കുട്ടികളെ പഠിപ്പിക്കുന്നു. | കുട്ടികളിൽ ശുചിത്വ ബോധം വളർത്തിയെടുക്കൽ | |
| 04 | സസ്യ ലോകം | ഇല ആൽബം തയ്യാറാക്കൽ | വിദ്യാലയം ഒരു പാഠപുസ്തകം സാക്ഷാത്കരിക്കൽ | |

# ഗണിതം

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|---|---|
| 01 | ഗണിതം മധുരം | ഗണിതം കളികളിലൂടെ / പസിൽ ശേഖരണം | ഗണിത പഠനത്തിൽ താൽപര്യം വളർത്തിയെടുക്കൽ | 3 മാസം |
| 02 | കൂട്ടലോ ഗുണിക്കലോ | ആവർത്തന സങ്കലനത്തിലൂടെ ഗുണന പട്ടിക പരിചയപ്പെടൽ | ഗുണനപ്പട്ടിക പഠിക്കൽ | 3 മാസം |
| 03 | ക്ലാസിലെ കച്ചവടം | ഹോണസ്റ്റി ഷോപ്പ് (കളി) സ്ഥാപിക്കൽ | പ്രശ്നാപഗ്രഥനം എളുപ്പമാക്കൽ | 6 മാസം |

# അറബിക്

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് |
|---|---|---|---|---|
| 01 | വായിക്കാം വളരാം | അവസ്ഥാ പഠനം വിശകലനം, വായനാ സാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ, പുസ്തകങ്ങൾ) തുടർ വായന, ആസ്വാദനം, വായനാഫെസ്റ്റ് | എല്ലാ കുട്ടികളും മികച്ച വായനക്കാരാക്കുക. | 10 മാസം |
| 02 | Walk with Arabic | മെറ്റീരിയൽ ശേഖരിക്കൽ കേൾക്കാം പറയാം | ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | 10 മാസം |
| 03 | വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | എല്ലാ കുട്ടികളും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാകുന്നു | 3 മാസം |